KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

21-01-2010

**ലൈഫ് ബസ് പ്രചാരണത്തിനു മലപ്പുറം ജില്ലയിൽ തുടക്കമായി**

# എച്ച്ഐവി ബോധവത്കരണ പ്രവർത്തനങ്ങളിൽ യുവാക്കൾ കൂടുതൽ പങ്കാളികളാകണം: എ.പി. അനിൽകുമാർ എംഎൽഎ

മലപ്പുറം: എച്ച്ഐവി ബോധവത്കരണ പ്രവർത്തനങ്ങളിൽ യുവാക്കൾ കൂടുതൽ പങ്കാളികളാകണമെന്ന് എ.പി. അനിൽകുമാർ എംഎൽഎ ആവശ്യപ്പെട്ടു. എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ ബോധവത്കരണദൗത്യവുമായി ജില്ലയിൽ പര്യടനം നടത്തുന്ന ലൈഫ് ബസ് പ്രചാരണത്തിന്റെ ജില്ലാതല ഉദ്ഘാടനം മമ്പാട് എം.ഇ.എസ് കോളജിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.
എച്ച്ഐവി അണുബാധിതരെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തരുത്. അവർക്കും മറ്റുള്ളവരെപ്പോലെ ജീവിക്കുവാൻ അവകാശമുണ്ട്. രോഗത്തെ ഇല്ലായ്മ ചെയ്യലും രോഗിക്കു പിന്തുണ നൽകലും സമൂഹം കർത്തവ്യമായി ഏറ്റെടുക്കണം. ശരിയായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ എച്ച്ഐവി അണുബാധയെ പ്രതിരോധിക്കാനാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.
ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അരിമ്പ്ര മുഹമ്മദ്കുട്ടി മാസ്റ്റർ അധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അസിസ്റ്റന്റ്ഡയറക്ടർ ജെ. ഡോമി മുഖ്യപ്രഭാഷണം നടത്തി. വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. രായിൻ, മമ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനിത തത്തംപറമ്പിൽ, മമ്പാട് എം.ഇ.എസ് കോളജ് പ്രിൻസിപ്പൽ കെ.പി. റിയാസ് മുഹമ്മദ്, നെഹ്യയുവകേന്ദ്ര ജില്ലാ യൂത്ത് കോഓർഡിനേറ്റർ എം. അനിൽകുമാർ, വണ്ടൂർ ബ്ലോക്ക് മെഡിക്കൽ ഓഫീസർ ഡോ. മെഹർബാൻ, എം.ഇ.എസ് കോളജ് സ്റ്റാഫ് സെക്രട്ടറി മുഹമ്മദ് അസ്ലം തുടങ്ങിയവർ പ്രസംഗിച്ചു. ഡപ്യൂട്ടി ഡി.എം.ഒ: ഡോ. എ.പി. പാർവതി സ്വാഗതവും ഡപ്യൂട്ടി ജില്ലാ മാസ് മീഡിയ ഓഫീസർ കെ.പി. സാദിക്കലി നന്ദിയും പറഞ്ഞു.
എച്ച്ഐവി സന്ദേശങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ വന്ദന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ നാടകവും നെഹ്യ യുവകേന്ദ്ര കലാസംഘത്തിന്റെ നാടൻകലാപ്രകടനവുമുണ്ടായിരുന്നു. എച്ച്ഐവി അണുബാധിതനായ പോസിറ്റീവ് സ്പീക്കറുടെ അനുഭവവിവരണവും ഉണ്ടായിരുന്നു. ആയിരക്കണക്കിനു വിദ്യാർഥികളും നാട്ടുകാരും പരിപാടികളിൽ പങ്കെടുത്തു. തുടർന്ന് വണ്ടൂർ, എടവണ്ണ ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിലും ലൈഫ് ബസ് എത്തി പ്രചാരണം നടത്തി.
എച്ച്ഐവി അണുബാധിതരോടും എയ്ഡ്സ് ബാധിതരോടുമുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുക, അണുബാധ ഒഴിവാക്കുന്നതിനുള്ള മാർഗങ്ങളേക്കുറിച്ച് വ്യക്തമായ ധാരണ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ലൈഫ് ബസ് യാത്ര സംഘടിപ്പിച്ചിരിക്കുന്നത്.
ഒരു ബ്ലോക്കിൽ മൂന്നു ഗ്രാമപഞ്ചായത്തുകൾ എന്ന കണക്കിൽ ജില്ലയിൽ 42 പഞ്ചായത്തുകളിലാണ് ലൈഫ് ബസ് പര്യടനം നടത്തുന്നത്. ദിവസം മൂന്നു കേന്ദ്രങ്ങളിൽ ലൈഫ് ബസ് എത്തിച്ചേരും.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**